പത്തനംതിട്ട	2
കോട്ടയം	55
ഇടുക്കി	30
എറണാകുളം	137
തൃശ്ശൂർ	379
പാലക്കാട്	287
മലപ്പുറം	277
കോഴിക്കോട്	222
വയനാട്	77
കണ്ണൂർ	119
കാസർഗോഡ്	78

മസ്ദൂർ തസ്തികയിൽ നിലവിൽ ഒഴിവില്ല.

(ബി) ഒഴിവുകൾ വരുന്ന മുറയ്ക്ക് ലൈൻമാൻ, ഓവർസീയർ തസ്തികകളിലേയ്ക്ക് പ്രൊമോഷൻ നൽകുകയും, മസ്ദൂർമാരെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമിക്കുകയും ചെയ്യുന്നുണ്ട്.

പെൻഷൻ ഫണ്ട് രൂപീകരണം

10 (377) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കെ.എസ്.ഇ.ബി.-യിൽ പെൻഷൻ ഫണ്ട് രൂപീകരിച്ചിട്ടുണ്ടോ ; ഫണ്ട് മാനേജ് ചെയ്യാനുള്ള മാസ്റ്റർ ട്രസ്റ്റ് രൂപീകരിച്ചിട്ടുണ്ടോയെന്നും, ഫണ്ടിലേക്കുള്ള ധനാഗമന മാർഗ്ഗങ്ങൾ ഏതൊക്കെയാണെന്നും വിശദീകരിക്കാമോ ?

ഉത്തരം

കെ.എസ്.ഇ.ബി. ലിമിറ്റഡിൽ 31-3-2013 വരെ നിയമിതരായ ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ കൈകാര്യം ചെയ്യുന്നതിനും വിതരണം ചെയ്യുന്നതിനുമായി ഒരു മാസ്റ്റർ ട്രസ്റ്റ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എംപ്ലോയീസ് മാസ്റ്റർ പെൻഷൻ ആന്റ് ഗ്രാറ്റുവിറ്റി ട്രസ്റ്റ് എന്ന പേരിൽ രജിസ്റ്റർ ചെയ്ത്

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 31-10-2013 വരെയുള്ള പെൻഷൻ ബാദ്ധ്യതയായി 12419 കോടി രൂപയെന്ന് തിട്ടപ്പെടുത്തിയിട്ടുള്ളതും ആയതിൽ 11895 കോടി രൂപയ്ക്കുള്ള രണ്ട് കടപ്പത്രങ്ങൾ, കെ.എസ്.ഇ.ബി. ലിമിറ്റഡ് പെൻഷൻ ബാധ്യത നിറവേറ്റുന്നതിനുവേണ്ടി മാസ്റ്റർ ട്രസ്റ്റിന് നൽകുന്നതാണ്. കടപ്പത്രത്തിന്റെ പലിശയും മുതലിന്റെ തിരിച്ചടവും ഉപയോഗിച്ച് പെൻഷൻ ബാദ്ധ്യത തീർക്കുന്നതാണ്. 1-11-2013 മുതലുള്ള പെൻഷൻ ബാദ്ധ്യത ആക്ച്യൂറിയൽ വാല്യേഷൻ നടത്തി ഓരോ വർഷവും മാസ്റ്റർ ട്രസ്റ്റിന് കൈമാറുന്നതാണ്. ഇതിനുപുറമേ 524 കോടി രൂപ സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ ഉൾപ്പെടുത്തി പെൻഷൻ ഫണ്ടിനു നൽകുന്നതാണ്.

കെ.എസ്.ഇ.ബി.-യിലെ വിവിധ തസ്തികകളിലെ ഒഴിവുകൾ

11 (378) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.-യിൽ വിവിധ തസ്തികകളിലായി നിലവിലുള്ള ആകെ ഒഴിവുകളുടെ എണ്ണം ലഭ്യമാക്കുമോ ;

(ബി) കെ.എസ്.ഇ.ബി.-യിലെ ഓരോ തസ്തികകളിലെയും അനുവദനീയ ജീവനക്കാരുടെ എണ്ണം, ഓരോ തസ്തികയിലും നിലവിൽ ജോലിനോക്കുന്ന ജീവനക്കാരുടെ എണ്ണം എന്നിവ പ്രത്യേകമായി ലഭ്യമാക്കുമോ ;

(സി) കെ.എസ്.ഇ.ബി.യിലെ ഒഴിവുള്ള തസ്തികകളിൽ ജീവനക്കാരെ നിയമിക്കുന്നതിനും പ്രൊമോഷനുകൾ യഥാസമയം നടത്തുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികളും, പുരോഗതിയും അറിയിക്കുമോ ?

ഉത്തരം

(എ) 3586

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) പ്രൊമോഷനുകൾ, ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റിയുടെ സെലക്ട് ലിസ്റ്റിൽ നിന്നും നടത്തിവരുന്നു. പി.എസ്.സി. വഴി നിയമിക്കേണ്ട വിവിധ തസ്തികകളിലെ 943 ഒഴിവുകൾ റിപ്പോർട്ട് ചെയ്യുകഴിഞ്ഞു. യഥാസമയം പ്രൊമോഷനുകൾ നടത്തി മറ്റ് ഒഴിവുകളും നികത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly